കേരള സർക്കാർ

നം:4279/ഡി.ബി2/09/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.
തിരുവനന്തപുരം,തീയതി:21/4/2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - അറവുശാലകളുടെയും ഇറച്ചി വിൽപ്പന ശാലകളുടെയും നവീകരണവും അവയിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും- സംബന്ധിച്ച്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അറവുശാലകളും ഇറച്ചി വിൽപ്പന ശാലകളും നവീകരിക്കുകയും അവയിൽ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടത് സമൂഹശുചിത്വം കൈവരിക്കുന്നതിനും പൊതുജനാരോഗ്യ സംരക്ഷണത്തിനും അത്യന്താപേക്ഷിതമാണ്. ശരിയായ മലിനീകരണ നിയന്ത്രണ സംവിധാനം ഇല്ലാതെയാണ് സംസ്ഥാനത്ത് അറവുശാലകളും ഇറച്ചിവിൽപ്പന ശാലകളും പ്രവർത്തിക്കുന്നത് എന്ന് കണ്ടതിനാൽ സംസ്ഥാനത്തെ അനധികൃത അറവുശാലകൾ അടച്ചുപൂട്ടാൻ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് മുനിസിപ്പൽ ആക്ട് പ്രകാരം അത്യാവശ്യം വേണ്ടുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയാത്ത പല അറവുശാലകളും പൂട്ടിക്കിടക്കുകയാണ്. മുനിസിപ്പാലിറ്റി നേരിട്ട് നടത്തുന്ന അറവുശാലകളോ ലൈസൻസുള്ള അറവുശാലകളോ ഒഴികെയുള്ള സ്ഥലങ്ങളിൽ മൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നത് നിരോധിച്ചിട്ടുമുണ്ട്. 19/1/04-ലെ 3268/ഇ3/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വഴിയോരങ്ങളിലും ഓടകളിലും, തോടുകളിലും പുഴകളിലും മാംസാവശിഷ്ടങ്ങളിലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിന് വേണ്ട നടപടി കൈക്കൊള്ളണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു.

മൃഗങ്ങളോടുള്ള ക്രൂരത തടയൽ ചട്ടങ്ങൾ അനുസരിച്ചും കേരള മുനിസിപ്പൽ ആക്ട് കേരള പഞ്ചായത്ത് രാജ് ആക്ട്, ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം എന്നിവ

പ്രകാരം നവീന അറവുശാലകൾ സ്ഥാപിക്കേണ്ടതും ശുചിത്വമുള്ള ഇറച്ചി വിൽപന ശാലകൾ ഏർപ്പെടുത്തേണ്ടതും, അറവുശാലയിലല്ലാതെ ഭക്ഷണാവശ്യത്തിന് കൊല്ലുന്നത് തടയേണ്ടതും , ഇപ്രകാരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നു. എന്ന് ഉറപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലയാണ്. ഇക്കാര്യത്തിൽ സമയബന്ധിതമായി പുരോഗതി കൈവരിക്കേണ്ടതിലേക്കായി താഴെപറയുന്ന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കൈക്കൊള്ളേണ്ടതാണ്.

1. <u>അടിയന്തിര നടപടികൾ</u>

1.1 നിലവിലുള്ള അറവുശാലകളിൽ അത്യാവശ്യം വേണ്ടുന്ന ഖര-ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റും, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുക.

1.2 അറവുശാലകളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും ആന്റിമോർട്ടം, പോസ്റ്റ് മോർട്ടം പരിശോധനകൾ നടത്താനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അപ്രകാരം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനം സീൽ ചെയ്ത് നൽകുന്ന ഇറച്ചി മാത്രം വിൽപനയ്ക്ക് അനുവദിക്കാനുള്ള നടപടി കൈക്കൊള്ളുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഇതുറപ്പാക്കാനായി ഉപയോഗപ്പെടുത്താവുന്നതാണ്.

2. <u>ദീർഘകാല നടപടികൾ</u>

2.1 ശാസ്ത്രീയമായി രൂപകൽപന ചെയ്ത നവീന അറവുശാലകൾ കോർപ്പറേഷൻ മുനിസിപ്പൽ തലങ്ങളിൽ വരുന്ന രണ്ടു വർഷത്തിനുള്ളിൽ സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളണം. ഇതിനായി നിലവിലുള്ള അറവുശാലകൾ നവീകരിക്കുകയോ പുതുതായി സ്ഥാപിക്കുകയോ ആകാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വന്തമായോ ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ചേർന്നോ നവീന അറവുശാലകൾ സ്ഥാപിക്കാവുന്നതാണ്.

2.2 കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം എസ.ഓ.270(ഇ) പ്രകാരം 2001-ൽ പ്രസിദ്ധീകരിച്ച പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റു അനിമൽസ് (സ്ലോട്ടർ ഹൗസ്) ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന തരത്തിലാവണം നവീന അറവുശാലകൾ സജ്ജമാക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെടുന്ന നവീന അറവുശാലകളിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഉണ്ടായിരിക്കണം.

2.2.1 കശാപ്പിനായി മൃഗങ്ങളെ കൊണ്ട് വന്ന് വിശ്രമം നൽകാനും മൃഗഡോക്ടർ പരിശോധന നടത്തിയതിനുശേഷം 24 മണിക്കൂർ പാർപ്പിക്കാനുമുള്ള ലെയ്റേജ് സംവിധാനം ഉണ്ടായിരിക്കണം.

2.2.2 മൃഗഡോക്ടർക്ക് പോസ്റ്റ് മോർട്ടം, ആന്റിമോർട്ടം പരിശോധനകൾ നടത്താനുള്ള സൗകര്യം ഉണ്ടായിരിക്കണം.

2.2.3 മാലിന്യത്തിന്റെ അളവു കുറയ്ക്കാനും അറവുശാലയുടെ ശുചിത്വം ഉറപ്പാക്കാനും മൃഗങ്ങളെ കശാപ്പ് ചെയ്തു രക്തം വാർന്നെടുക്കാനുള്ള സൗകര്യങ്ങളും തോല്, എല്ല്, കൊമ്പ്, കുളമ്പ് ഇവ വേർപ്പെടുത്തി അടച്ചു സംഭരിക്കാനുള്ള, ട്രോളി മാതൃകയിൽ അവശിഷ്ടങ്ങൾ സംഭരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം.

2.2.4 മൃഗങ്ങളെ കുളിപ്പിക്കുമ്പോഴും കശാപ്പ് ചെയ്യുമ്പോഴും ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്ക്കരിക്കാനായി മലിനജല സംസ് ക്കരണ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം. അറവുശാലകളെ നവീകരിക്കുന്നതിന് കേന്ദ്രം സർക്കാരിലെ മൃഗ സംരക്ഷണ വകുപ്പിൽ നിന്നും ധനസഹായമായി പ്ലാന്റിന്റെയും യന്ത്രത്തിന്റെയും വിലയുടെ 50% വരെയോ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ 75%വരെയോ പരമാവധി 15 കോടിരൂപയോ ഏതാണോ കുറവ് അത് ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഈ പദ്ധതി ഉപയോഗപ്പെടുത്താനുള്ള നടപടി കൈക്കൊള്ളാവുന്നതാണ്.

2.3 നവീന അറവുശാലകൾ സ്ഥാപിക്കുമ്പോൾ മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള അറവുരീതികൾ അവലംബിക്കാനും മാലിന്യത്തിൽ നിന്നും ഉപഉൽപ്പന്നങ്ങൾ വീണ്ടെടുക്കാനും അറവുശാലയിൽ ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കാനും ഉള്ള സൗകര്യങ്ങളും ഉണ്ടായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ സാങ്കേതിക ഉപദേശങ്ങൾക്കായി ശുചിത്വ മിഷനെ സമീപിക്കാവുന്നതാണ്.

3. <u>സാമ്പത്തിക സഹായം</u>

3.1 കോർപ്പറേഷൻ മുനിസിപ്പൽ തലങ്ങളിൽ നവീന അറവുശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്താനുള്ള നടപടി കൈക്കൊള്ളാവുന്നതാണ്. ഇതിനായി സ്വന്തമായോ സ്വകാര്യ-പൊതുസംരഭ പങ്കാളിത്തത്തോടെയോ നവീന അറവുശാലകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

3.2 പഞ്ചായത്ത് തലത്തിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള നിലവിലുള്ള പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

3.3 നിലവിലുള്ള അറവുശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റ്, സെപ്റ്റിക്ക് ടാങ്ക് , സോക്ക് പിറ്റ് സംവിധാനമുണ്ടാക്കാൻ പദ്ധതി തയ്യാറാക്കി നൽകുന്ന തദ്ദേശ്സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ 1/3 തുകയോ 5 ലക്ഷം രൂപയോ ഇതിലേതാണോ കുറവ് ആ തുക സഹായമായി ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതും ഉപയോഗപ്പെടുത്താവുന്നതുമാണ്.

4. <u>പുരോഗതിവിലയിരുത്തൽ</u>

4.1 മുകളിൽപ്പറഞ്ഞ നടപടികൾ കൈക്കൊണ്ട് നിലവിലുള്ള അറവുശാലകളെ നവീകരിക്കുന്നതിനും നവീന അറവുശാലകൾ സ്ഥാപിക്കുന്നതിനും അടിയന്തിര നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ കൈക്കൊള്ളേണ്ടതാണ്.

4.2 ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികളുടെ റിപ്പോർട്ട് ഗ്രാമപഞ്ചായത്തുകൾ ശുചിത്വ മിഷൻ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ മുഖാന്തിരവും നഗരസഭകളും മുനിസിപ്പാലിറ്റികളും നേരിട്ടും സർക്കാരിന് നൽകേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.: പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്കും ലഭ്യമാക്കേണ്ടതാണ്.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം. : പകർപ്പ് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
(ബന്ധപ്പെട്ടവർക്ക് പകർപ്പ് ലഭിച്ചു എന്ന ഉറപ്പ് വരുത്തേണ്ടതാണ്)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി,കോർപ്പറേഷൻ :തിരുവനന്തപുരം/കൊല്ലം/എറണാകുളം,തൃശ്ശൂർ/ കോഴിക്കോട്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം: വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Mohandas

സെക്ഷൻ ഓഫീസർ